


**25 കിലോമീറ്റർ നിറുത്താതെ**
**സൈക്കിൾ ചവുട്ടി ഹോളണ്ടിലെ**
**ചെറുപട്ടണമായ ആംഫുർട്ടിൽ**
**ഒരു കിച്ചൺ പാർട്ടിയിൽ**
**പങ്കെടുക്കാനെത്തിയ**
**അനുഭവവുമായി രാജുറാഫേൽ**

# ദി കിച്ചൺ പാർട്ടി


**ബുസ്സുമിൽ** നിന്ന് സൈക്കിളിൽ യാത്ര തുടങ്ങിയിട്ട് ഇപ്പോൾ ഒരു മണിക്കൂർ കഴിഞ്ഞിരിക്കുന്നു. 15 കിലോ മീറ്ററോളം സൈക്കിൾ ചവുട്ടിയിരിക്കണം. ആംഫൂർട്ടിലേക്കുള്ള റോഡ് കണ്ടുപിടിക്കാൻ വലിയ പ്രശ്നമുണ്ടായില്ല. ബുസ്സുമിൽ നിന്ന് ഹിൽവർസം വഴി യൂട്രെക്കിലേക്ക് പോകുന്ന പാതയിലെ പ്രധാന പട്ടണങ്ങളിലൊന്നാണ് ആംഫുർട്ട്. ബെനഡിക്ട് മദാമ്മ ആംഫുർട്ടിൽ നിന്ന് എല്ലാ ദിവസവും സൈക്കിളിൽ ആണ് റേഡിയോ നെതർലാന്റ്സിൽ എത്തുന്നത് എന്നാലോചിച്ചപ്പോൾ എന്റെ ഈ സൈക്കിൾ യാത്ര അത്ര വലിയ സംഭവമൊന്നും അല്ലെന്ന് എനിക്ക് തോന്നി. ആകെയുള്ള പ്രശ്നം ആംഫുർട്ട് നഗരത്തിലെത്തിയ ശേഷം എങ്ങിനെ ബനഡിക്ടിന്റെ വീട് കണ്ടുപിടിക്കും എന്നതാണ്. എന്തായാലും സൈക്കിൾ പാതയിലൂടെയുള്ള ഈ യാത്ര സമാധാനപരം തന്നെ. വേറെ ഏതെങ്കിലും വണ്ടി വന്ന് ഇടിക്കും എന്ന ഭീതി വേണ്ട. സൈക്കിളിൽ വേഗത്തിൽ എന്നെ കടന്നു പോകുന്ന ഡച്ച് കുട്ടികളാണ് ഇതു വരെ കണ്ടുമുട്ടിയ മറ്റ് യാത്രക്കാർ. ഏഴ്, എട്ട് പേരുടെ സംഘമായാണ് കുട്ടികൾ പാഞ്ഞുപോകുന്നത്. അതിവേഗത്തിൽ കടന്ന് പോകുന്നതിന് ഇടയിലും മിക്കവരും എന്നെ വിഷ് ചെയ്തു. ഇടക്ക് ഒരു മിടുക്കൻ കുറച്ചുകൂടി ഉപചാരത്തിൽ 'യൂ ഗൂദ്' (നിങ്ങൾക്ക് സുഖമാണോ?) എന്ന് ചോദിക്കുകയും ചെയ്തു. ഇംഗ്ളീഷുകാരെ പോലെയല്ല ഡച്ചുകാർ. ഹോളണ്ടിലെത്തുന്ന വിദേശികളോട് വളരെ സൗഹൃദത്തോടെയും മര്യാദയോടും പെരുമാറും.

ഏതാണ്ട് അഞ്ചുമണിയോടെ ആംഫുർട്ട് നഗരത്തിലെത്തി. തൃശ്ശൂർ പോലെ ഒരു ഇടത്തരം പട്ടണം. ആംസ്റ്റർഡാം, ഹേഗ്, റോട്ടർഡാം, യൂട്രക്, മാസട്രിച്ച് എന്നിവയാണ് ഹോളണ്ടിലെ പ്രധാന നഗരങ്ങൾ. ഇതിൽ ആംസ്റ്റർ ഡാമിനും യൂട്രക്കിനും ഇടയിലുള്ള ചെറുപട്ടണമാണ് ആംഫുർട്ട്. ഹിൽവർസമിനേക്കാൾ അല്പം കൂടി വലുത്. കെട്ടിടങ്ങളൊക്കെ കണ്ടിട്ട് പുരാതമാനമായ ഒരു പട്ടണമാണന്ന് തോന്നുന്നു. ശനിയാഴ്ച ആയതുകൊണ്ട് മിക്ക കടകളും തുറന്നിട്ടില്ല (ശനിയും ഞായറും പൊതു അവധി ദിവസങ്ങളാണ് ഹോളണ്ടിൽ. പൊതുവേ കടകളും അവധി ദിവസങ്ങളിൽ തുറക്കില്ല). എന്നാൽ ബീർ പബുകൾ സജീവ

മാണ്. റോഡരികിലുള്ള ബീർ പമ്പുകളുടെ മുന്നിൽ നിരത്തിയിട്ടിരിക്കുന്ന ഭംഗിയുള്ള കസേരകളിൽ ഇരുന്ന് നിരവധി ആണുങ്ങളും പെണ്ണുങ്ങളും ബീർ മോന്തുന്നുണ്ട്. നല്ല കടുകട്ടി ഡച്ച് സംസാരിക്കുന്നവരായിരിക്കും അവരെന്ന് എനിക്ക് വെറുതേ തോന്നി. അതുകൊണ്ട് തന്നെ ബനഡിക്ട് താമസിക്കുന്ന തെരുവിലേക്കുള്ള വഴി അവരോട് ചോദിക്കണ്ട എന്ന് നിശ്ചയിച്ചു.

ബനഡിക്ട് താമസിക്കുന്ന തെരുവിന്റെ പേരും വീടിന്റെ നമ്പറും കോനി വാൻ വെറ്റം തന്ന മാപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. റെയിൽവേ സ്റ്റേഷനിൽ ഇറങ്ങുന്നവർക്ക് ബനഡിക്ടിന്റെ വീട്ടിലേക്ക് എത്താനുള്ള വഴിയാണ് മാപ്പിൽ രേഖപ്പെടുത്തിയിരിക്കുന്നത്. സ്റ്റേഷനിൽ ഇറങ്ങിയ ശേഷം കിഴക്കെ കവാടത്തിലൂടെ പുറത്ത് കടന്ന് സെന്ററത്തിലേക്ക് (നഗര ഹൃദയം) വരിക, ആവിടെ നിന്ന് കത്തീഡ്രലിന്റെ വലതുവശത്തൂകൂടി അഞ്ഞൂറ് മീറ്റർ മുന്നോട്ട് നടക്കുക എന്ന മട്ടിലാണ് മാപ്പിൽ വഴി രേഖപ്പെടുത്തിയിരിക്കുന്നത്. ഹോളണ്ടിലെ നഗരങ്ങളുടെയെല്ലാം പൊതുസവിശേഷതയാണ് സെന്ററവും കത്തീഡ്രലും. നഗരത്തിൽ എവിടെ നിന്ന് നോക്കിയാലും കത്തീഡ്രലിന്റെ മുകളിലെ കുരിശ് കാണാം. ഈ കുരിശിനേക്കാൾ ഉയരത്തിൽ കെട്ടിടം പണിയാൻ സാധാരണ മുൻസിപ്പൽ അധികൃതർ അനുമതി നൽകില്ല. കത്തീഡ്രലിന്റെ സമീപം തന്നെയായിരിക്കും നഗരഹൃദയമായ സെന്ററം. എല്ലാ റോഡുകളും സെന്ററത്തിൽ സംഗമിക്കുന്നു. എന്തെങ്കിലും സ്തൂപമോ, ശിൽപ്പമോ ഒക്കെയായിരിക്കും സെന്ററത്തിന്റെ ഹൃദയം. സെന്ററത്തിലേക്കുള്ള ചൂണ്ടു പലകകൾ എവിടെ നോക്കിയാലും കാണാം എന്നതാണ് ആശ്വാസം. നഗര കവാടത്തിൽ നിന്ന് രണ്ട് മിനിറ്റുകൊണ്ട് തന്നെ ഞാൻ സെന്ററത്തിലെത്തി.

സെന്ററത്തിൽ നിരത്തിയിട്ടിരിക്കുന്ന സിമന്റ് ബെഞ്ചുകളിൽ ചിലരൊക്കെ ഇരിക്കുന്നുണ്ട്. സമീപത്തായി അവരുടെ സൈക്കിളുകളും ഉണ്ട്. കൂട്ടത്തിൽ ഒഴിഞ്ഞ സിമന്റ് ബഞ്ചിൽ സൈക്കിൾ ചാരിവെച്ച് ഞാനും ഇരുന്നു. 25 കീലോമീറ്റർ നിറുത്താതെ സൈക്കിൾ ചവുട്ടിയതല്ലേ, അൽപ്പം വിശ്രമമാകാം.



ലേഖകൻ ആംഫുർട്ടിലെ കത്തീഡ്രലിന് മുന്നിൽ

**ഹോളണ്ടിലെ നഗരങ്ങളുടെ പൊതുസവിശേഷതയാണ് സെന്ററവും കത്തീഡ്രലും. നഗരത്തിൽ എവിടെ നിന്ന് നോക്കിയാലും കത്തീഡ്രലിന്റെ മുകളിലെ കുരിശ് കാണാം. ഈ കുരിശിനേക്കാൾ ഉയരത്തിൽ കെട്ടിടം പണിയാൻ സാധാരണ മുൻസിപ്പൽ അധികൃതർ അനുമതി നൽകില്ല**

സെന്ററത്തിൽ ആംഫൂർട്ട് നഗരത്തിന്റെ വിശദമായ മാപ്പ് വച്ചിട്ടുണ്ട്. അത് കണ്ടപ്പോൾ ആരോടും വഴി ചോദിക്കാതെ തന്നെ ബർണാഡിന്റെ വീട്ടിൽ എത്തിച്ചേരാൻ ശ്രമിച്ചാലോ എന്ന് തോന്നി. പണ്ട് ലണ്ടനിലെ റോയിട്ടർ പരിശീലനത്തിനിടയിൽ ചില്ലറ മാപ്പ് റീഡിങ്ങ് പാടവമൊക്കെ ഞാൻ വശത്താക്കിയിരുന്നു. ആ അറിവ് ഒന്നു പരീക്ഷിച്ചു നോക്കുക തന്നെ! സൈക്കിളുമുന്തി നഗര മാപ്പിന്റെ സമീപത്തുചെന്ന്, കൈയ്യിലുള്ള പുസ്തക രൂപത്തിലുള്ള മാപ്പ് തിരിച്ചും മറിച്ചും നോക്കുന്ന വേറെയും ഒന്ന് രണ്ട് പേരുണ്ട് അവിടെ. അവരുടെ അരികിൽ നിന്ന്, സൈക്കിളിന്റെ തണ്ടിൽ ചാരി നിന്ന് ഞാനും ആംഫൂർട്ട് നഗരത്തിന്റെ രേഖാചിത്രം ശ്രദ്ധിച്ചു മനസ്സിലാക്കി. കത്തീഡ്രലിന്റെ വലതുവശത്തുകൂടി, ഓവർ ബ്രിഡ്ജിന് അടിയിലൂടെ കടന്ന്, രണ്ട് മൈൽ സഞ്ചരിച്ചാൽ ബി-34 സ്ട്രീറ്റിൽ എത്തും. അതിൽ നാലാമത്തെ അപ്പാർട്ട്മെന്റിലെ എ-4 ആണ് ബർണാഡിന്റെ ഭവനം.

പത്ത് മിനിറ്റുനുള്ളിൽ അരോടും വഴി ചോദിക്കാതെ തന്നെ കൃത്യമായി ബർണാഡിന്റെ അപ്പാർട്ട്മെന്റിന് മുന്നിലെത്തി. സൈക്കിൾ സ്റ്റാൻഡിലുറപ്പിച്ച്, തിരിഞ്ഞു നോക്കിയപ്പോൾത്തന്നെ കണ്ടു, ഒരു വാതിലിൽ റേഡിയോ നെതർലാന്റ്സ് ട്രെയിനിങ്ങ് സെന്ററിന്റെ എംബ്ലം ഒട്ടിച്ചിരിക്കുന്നു. ദ് കിച്ചൺ പാർട്ടി -എന്ന് കമ്പ്യൂട്ടറിൽ പ്രിന്റ് ചെയ്ത് വാതിലിന്റെ പിടിയിൽ തൂക്കിയിട്ടുണ്ട്. ആശ്വാസമായി. ദീർഘ നിശ്വാസം വിട്ട്, വാതിലിലെ മണിയടിച്ചു. മധ്യവയസ്കനായ ഒരു സായിപ്പ് വന്ന് വാതിൽ തുറന്നു, സ്വാഗതം ആംശംസിച്ചുകൊണ്ട് അകത്തേക്ക് ക്ഷണിച്ചു. ഗൃഹനാഥനായ വാൻ ജിക് ആണ് അദ്ദേഹം, ബർണാഡിന്റെ ഭർത്താവ്. കിച്ചൺ പാർട്ടിക്ക് വന്നതല്ലേ എന്ന് കരുതിയാകണം നേരെ അടുക്കളയിലേക്ക് തന്നെ കൊണ്ടുപോയി. സാമാന്യം വലതും അതേ സമയം മനോഹരവുമായ അടുക്കള. ഭക്ഷണ മേശ അടുക്കളയിൽ തന്നെയാണ്. വേറെ ഡൈനിങ്ങ് ഹാൾ ഇല്ല. അടുക്കളയോട് ചേർന്ന് സ്റ്റോർ റൂം പോലെ തോന്നിക്കുന്ന മറ്റൊരു മുറി. അതിലാണ് റഫ്രിജറേറ്ററും ഫ്രീസറുമെല്ലാം ഉള്ളത്. അവിടെനിന്ന് അടുക്കളയുടെ പിൻഭാഗത്തേക്ക് കടക്കാം. മനോഹരമായ ഒരു കൊച്ചു പൂന്തോട്ടമാണ് അടുക്കളയുടെ പിൻഭാഗത്ത്. മരത്തിൽ നിർമ്മിച്ച ഇരിപ്പിടങ്ങളും വൃത്താകൃതിയിലുള്ള മേശകളും ഈ കൊച്ചു പൂന്തോട്ടത്തിലുണ്ട്. ആകെ നാല് ഭവനങ്ങളേ മൂന്ന് വശത്തും വഴിയുള്ള ആ രണ്ടുനില കെട്ടിടത്തിലു

ള്ളൂ. നാല് വീടിനും ഇതുപോലെ സ്വന്തമായി അടുക്കള പൂന്തോട്ടം ഉണ്ട്. നാല് വീടിന്റെയും പ്രധാന വാതിലുകൾ തുറക്കുന്നത് റോഡിലേക്കും. വില്ല എന്നോ അപ്പാർട്ട്മെന്റ് എന്നോ പറയാൻ കഴിയാത്ത ഇത്തരം നാല് ഭവനങ്ങളുടെ സമുച്ചയങ്ങൾ ഹോളണ്ടിലെ എല്ലാ വീഥികളിലും കാണാം. പ്രത്യേകിച്ച് ഇടത്തരം പട്ടണങ്ങളിലും ഗ്രാമങ്ങളിലും. ഒരു കമ്യൂണിറ്റിയായി താമസിക്കുന്നതിന്റെ സുരക്ഷിതത്വം നൽകുന്നു ഇത്തരം ഭവനങ്ങൾ. അതേ സമയം വീടിന്റെ മുൻവാതിൽ റോഡിലേക്കും പിൻവാതിൽ അടുക്കളത്തോട്ടത്തിലേക്കും തുറക്കുന്നതു കൊണ്ട് ഭൂമിയുമായി ബന്ധവും ഉണ്ട്. അപ്പാർട്ട്മെന്റിൽ താമസിക്കുന്ന വിരസതയില്ല. ഒരു കെട്ടിടത്തിൽ നാല് വീടുകൾ, ഭവനനിർമ്മാണത്തിന്റെ പ്രകൃതി ചൂഷണം പരമാവുധി കുറയ്ക്കുകയും ചെയ്യുന്നു. ഇത്തരം വീടുകളുടെ ഓട് പതിച്ച മേൽക്കൂരയും ചെടികൾ കൊണ്ട് തീർത്ത വേലിയുമാണ് എനിക്ക് ഏറെ ഇഷ്ടമായത്. അതിസമ്പന്നരായ ജനതയായിട്ടും കേരളീയരെപ്പോലെ പത്തോ ഇരുപതോ സെന്റ് സ്ഥലം സ്വന്തമാക്കി, അതിന് ചുറ്റും കൂറ്റൻ മതിൽകെട്ട് തീർത്ത്, അതിനുള്ളിലൊരു കോൺക്രീറ്റ് കെട്ടിടം പണിത് താമസിക്കാൻ ഡച്ച് ജനത ഇനിയും തുനിഞ്ഞിട്ടില്ല.

അടുക്കളയിൽ ബർണാഡിന്റെയും പെദ്രയുടെയും നേതൃത്വത്തിൽ പാചകം പൊടിപ്പൊടിക്കുകയാണ്. കിച്ചൺ പാർട്ടി ബഹിഷ്കരിച്ച ബെന്നും സംഘവും ഒഴിച്ച് ഏതാണ്ട് എല്ലാവരും അടുക്കളയിലുണ്ട്. ഇറാനിൽ നിന്നുള്ള സംവിധായിക നെഗിൻ ഡച്ച് കാരനായ ഭർത്താവിനെയും കൊണ്ടാണ് പാർട്ടിക്ക് വന്നിരിക്കുന്നത്. യാഥാസ്ഥിതികരായ മതനേതാക്കളുടെ വധഭീഷണി പേടിച്ച് ഇറാനിൽ നിന്ന് ഓടിപോന്നതാണ് നെഗിൻ. ഷോർട്ട് ഫിലിമുകളിലൂടെയും ടെലിവിഷൻ ഷോകളിലുടെയും നാടകങ്ങളിലൂടെയും സ്ത്രീകളുടെ ആവിഷ്കാര സ്വാതന്ത്ര്യത്തിന് വേണ്ടി പോരാടിയ നെഗിന് പ്രാണനെ രക്ഷിക്കാൻ ഇറാനിൽ നിന്ന് ഓടിപോരുകയേ തരമുണ്ടായിരുന്നുള്ളൂവത്രേ. അമേരിക്കയിലേക്ക് രക്ഷപെടാനായിരുന്നു നെഗിനിന്റെ ശ്രമം. ഒളിച്ചോട്ടത്തിന് ഇടയിൽ ദുബായിൽ നിന്ന് കിട്ടിയതാണ് ഈ ഡച്ചുകാരൻ ജേർണലിസം പ്രൊഫസറെ. അയാളെ കെട്ടി തൽക്കാലം അംസ്റ്റർഡാമിൽ കൂടിയിരിക്കുകയാണ്. ഹോളണ്ടിൽ വേരുറപ്പിക്കുന്നതിന്റെ ഭാഗമായാണ് റേഡിയോ നെതർലാന്റ് സിന്റെ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്നത്. മുഴുവൻ ഫീസും സ്വന്തം കയ്യിൽ നിന്ന് അടച്ചാണ് നെഗിൻ പഠിക്കുന്നത്. താമസം ആംസ്റ്റർഡാമിൽ ഭർത്താവിന്റെ കൂടെ. നെഗിൻ എവിടെ പോയാലും ഡച്ചുകാരൻ ഭർത്താവും കൂടെയുണ്ടാകും. കൂടെക്കൂടെ കാണുന്നതു കൊണ്ട് നെഗിനിന്റെ സഹപാഠികളായ ഞങ്ങളുമായിട്ട് വലിയ ചങ്ങാത്തത്തിലാണ് അദ്ദേഹം.

നെഗിന് വേണ്ടി ഇറാനിയൻ വിഭവം ഉണ്ടാക്കുന്നത് ഭർത്താവാണ്. നെഗിൻ അടുക്കളയേയും പൂന്തോട്ടത്തെയും വേർതിരിക്കുന്ന ചുമരിൽ ചാരി നിന്ന് ചുരുട്ട് വലിക്കുന്നു. കയ്യിലൊരു കുപ്പി ബീയറുമുണ്ട്. ക്ളാസിൽ ഞാനാണ് നെഗിന്റെ ഏറ്റവും അടുത്ത ചങ്ങാതി. എന്നെ കണ്ടപാടെ അരികിലേക്ക് വിളിച്ച്, ബാഗിൽ നിന്ന് ചുരുട്ട് എടുത്തു തന്നു. കഴിഞ്ഞ ദിവസം കോപൻ ഹേഗനിലേക്ക് ജേർണ്ണലിസം ക്ളാസ്സെടുക്കാൻ പോയ ഭർത്താവ് കൊണ്ടുവന്നതാണ് വളരെ വിലകുടിയ ഈ ചുരുട്ട്. എനിക്കും ടിനക്കും വേണ്ടി പ്രത്യേകമായി കൊണ്ടുവന്നതാണ്. ടിന എവിടെ എന്ന നെഗിന്റെ ചോദ്യത്തിന് ഞാൻ കൈമലർത്തി കാണിച്ചു.

‘ഇനി റാഫേലിന്റെ ഊഴമാണ്, മഹത്തായൊരു ഇന്ത്യൻ വിഭവം ഇതാ ഈ ഡച്ചു അടുക്കളയിൽ പിറവിയെടുക്കാൻ പോകുകയാണ്, സ്വാഗതം ചെയ്യാം, നമുക്ക് ഇന്ത്യയിൽ നിന്നുള്ള മഹാനായ പത്രപ്രവർത്തകൻ റാഫേൽ രാജുവിനെ-പതിവുപോലെ ഇവിടെയും വൈകിയാണ് അദ്ദേഹം എത്തിയിരിക്കുന്നത്. നല്ലൊരു വിഭവം ഉണ്ടാക്കുന്നതിനുള്ള തയ്യാറെടുപ്പിന്റെ ഭാഗമായാണ് അദ്ദേഹം വൈകിയത്’- മലയാളം ടെലിവിഷൻ ചാനലുകളിലെ റിയാലിറ്റി ഷോ അവതാരകയെ പോലെ പെദ്ര ഡി നെറ്റ് എന്നെ ഇന്ത്യൻ വിഭവം ഉണ്ടാക്കാൻ സ്വാഗതം ചെയ്തു. പെദ്രയുടെ തമാശ ആസ്വദിച്ചു സഹപാഠികളെല്ലാം എന്നെ കയ്യടിച്ചു പ്രോത്സാഹിപ്പിച്ചു. ഞാൻ അടുത്തേക്ക് ചെന്നതോടെ പെദ്ര അവതാരകയുടെ വേഷം കൂടുതൽ ഉഷാറാക്കി. എന്ത് ഇന്ത്യൻ വിഭവമാണ് ഉണ്ടാക്കാൻ പോകുന്നത്, അതിന്റെ പ്രത്യേകതകൾ എന്താണ് എന്നെല്ലാം സദസ്സിനോട് വിശദീകരിക്കണം എന്നായി.

സാമ്പാറാണ് ഞാൻ ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നത് എന്നും അതിന്റെ ചരിത്രത്തിന് മഹാഭാരതത്തോളം പഴക്കമുണ്ടെന്നും, 14 വർഷത്തെ വനവാസത്തിന് ശേഷം പാണ്ഡവർ വേഷ പ്രച്ഛന്നരായി കഴിയുന്ന സമയത്ത് ഒരു രാജകൊട്ടാരത്തിൽ കുശിനിക്കാരനായിരുന്ന പാണ്ഡവരിലെ രണ്ടാമൻ ഭീമനാണ് ആദ്യമായി സാമ്പാർ ഉണ്ടാക്കിയത് എന്നൊക്കെ ഞാൻ തട്ടിവിട്ടു. അത്രയും മഹത്തരമായ സാമ്പാർ ഉണ്ടാക്കുവാൻ സാമ്പാർ പരിപ്പ്, കായം തുടങ്ങിയ ചേരുവുകൾ വേണമെന്നും അതൊന്നും ഹോളണ്ടിൽ കിട്ടില്ല എന്ന് ഇന്ന് രാവിലെ തന്നെ പെദ്ര എന്നെ ഫോൺ ചെയ്ത് പറഞ്ഞിരുന്നുവെന്നും അതിനാൽ സാമ്പാറോ മറ്റ് ഇന്ത്യൻ വിഭവങ്ങളോ ഉണ്ടാക്കുന്നതിൽ നിന്ന് എന്നെ ഒഴിവാക്കണമെന്നും ഞാൻ വിനീതമായി അഭ്യർത്ഥിച്ചു.

ആര് കേൾക്കാൻ? പരിപ്പ് ഇല്ലാതെ സാമ്പാർ ഉണ്ടാക്കിയാൽ മതിയെന്നായി അവർ. അതു വരെ ഒരു മൂലക്ക് മിണ്ടാതിരുന്ന് ചപ്പാത്തി പരത്തികൊണ്ടിരുന്ന ബംഗ്ളാദേശുകാരൻ കിബ്രി പൊടുന്നനെ ചാടിയെണീറ്റു. ചപ്പാത്തിയും ദാൾ കറിയുമാണ് അവൻ ഉണ്ടാക്കുന്നത് എന്നും ദാൾ കറിയുണ്ടാക്കാനായി ബംഗ്ളാദേശിൽ നിന്നു കൊണ്ടുവന്ന പരിപ്പിന്റെ പകുതി എനിക്ക് സാമ്പാർ ഉണ്ടാക്കാനായി നൽകാം എന്നുമാണ് ആ ചങ്ങാതി എണീറ്റു നിന്നു പറഞ്ഞത്. ദാൾ കറിയുടെ പരിപ്പ് വേറെ, സാമ്പാർ പരിപ്പ് വേറെ എന്നൊക്കെ ഞാൻ പറയാൻ ശ്രമിച്ചെങ്കിലും എന്നെകൊണ്ട് സാമ്പാർ ഉണ്ടാക്കിച്ചിട്ടേ അവർ അടങ്ങിയുള്ളൂ.

1995ന്റെ തുടക്കത്തിൽ ശശികുമാറിന്റെ നേതൃത്വത്തിൽ നീലൻ, കെ.ജയചന്ദ്രൻ, രാജഗോപാൽ, രവി വർമ്മ തുടങ്ങിയവരൊടപ്പം ഏഷ്യാനെറ്റ് ന്യൂസിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി തിരുവനന്തപുരത്ത് കഴിച്ചു കൂട്ടിയ നാളുകളാണ് ആംഫുർട്ടിലെ ബർണാഡിന്റെ വീട്ടിൽ സാമ്പാർ അടുപ്പത്തിട്ട് വേവാനായി കാത്തിരിക്കുമ്പോൾ എനിക്ക് ഓർമ്മ വന്നത്. ഏഷ്യാനെറ്റ് ചാനൽ പ്രക്ഷേപണം തുടങ്ങിയിരുന്നുവെങ്കിലും അതിൽ ന്യൂസ് തുടങ്ങാനാ




**ഒരു കെട്ടിടത്തിൽ നാല് വീടുകൾ, ഭവനനിർമ്മാണത്തിന്റെ പ്രകൃതി ചൂഷണം പരമാവുധി കുറയ്ക്കുകയും ചെയ്യുന്നു. ഇത്തരം വീടുകളുടെ ഓട് പതിച്ച മേൽക്കൂരയും ചെടികൾ കൊണ്ട് തീർത്ത വേലിയുമാണ് എനിക്ക് ഏറെ ഇഷ്ടമായത്. അതിസമ്പന്നരായ ജനതയായിട്ടും കേരളീയരെപ്പോലെ പത്തോ ഇരുപതോ സെന്റ് സ്ഥലം സ്വന്തമാക്കി, അതിന് ചുറ്റും കൂറ്റൻ മതിൽകെട്ട് തീർത്ത്, അതിനുള്ളിലൊരു കോൺക്രീറ്റ് കെട്ടിടം പണിത് താമസിക്കാൻ ഡച്ച് ജനത ഇനിയും തുനിഞ്ഞിട്ടില്ല**

യി നിയോഗിക്കപ്പെട്ട ഞങ്ങൾക്ക് കാര്യമായ പണിയൊന്നും ആദ്യ നാളുകളിൽ ഉണ്ടായിരുന്നില്ല. നിയമപരവും സാങ്കേതികവുമായ പ്രശ്നങ്ങളെ തുടർന്ന് വാർത്താ സംപ്രേക്ഷണം ആരംഭിക്കുന്നത് മാസങ്ങളോളം നീണ്ടു. പട്ടം എന്ന സ്ഥലത്ത് രാജഗോപാൽ വാടകയ്ക്ക് എടുത്തിരുന്ന ഫ്ളാറ്റിലായിരുന്നു ഞാനും രവിവർമ്മയും ജയചന്ദ്രനും താമസിച്ചിരുന്നത്. അന്ന് ഏഷ്യാനെറ്റ് ന്യൂസിൽ സബ് എഡിറ്റർ ട്രെയിനിയായും മറ്റും ഇന്റർവ്യൂവിൽ പങ്കെടുക്കാൻ വരുന്ന യുവ പത്രപ്രവർത്തകരെ രവിവർമ്മ വിശാല മനസ്സോടെ ഫ്ളാറ്റിൽ കൊണ്ടുവന്ന് താമസിപ്പിക്കും. ശുദ്ധ വെജിറ്റേറിയനായ രവിവർമ്മ നല്ലൊരു പാചകക്കാരൻ കൂടിയായിരുന്നു. ആദ്യ ദിവസം തന്നെ യുവപത്രപ്രവർത്തകനെ കൊണ്ട് സാമ്പാർ ഉണ്ടാക്കിക്കുകയാണ് രവിവർമ്മ ചെയ്യുക. അയാൾ സാമ്പാർ വെയ്ക്കുന്നത് രവിവർമ്മ സൂക്ഷ്മമായി നോക്കിയിരിക്കും, പക്ഷെ ഇടപെടില്ല. ആ സാമ്പാർ കൂട്ടിയായിരിക്കും എല്ലാവരുടെയും അന്നത്തെ അത്താഴം. പിറ്റെ ദിവസമാണ് സാമ്പാറുണ്ടാക്കിയ യുവാവ് ഭാവിയിൽ പത്രപ്രവർത്തക രംഗത്തോ ക്രിയേറ്റീവ് ആയ തിരക്കഥയെഴുത്ത് പോലുള്ള മറ്റ് ഏതെങ്കിലും മേഖലകളിലോ ശോഭിക്കുമോ എന്ന പ്രഖ്യാപനം രവിവർമ്മ നടത്തുക. ഉള്ളിൽ ക്രിയേറ്റിവിറ്റി ഉള്ളവൻ നല്ല പാചകക്കാരൻ ആയിരിക്കും എന്നാണ് രവിവർമ്മയുടെ തിയറി. തർക്കിക്കാൻ ചെന്നാൽ ബഷീർ മുതൽ വി.കെ. എൻ വരെയുള്ളവരെ ഉദാഹരിച്ച് അത് സമർത്ഥിക്കുകയും ചെയ്യും. പിന്നീട് വർഷങ്ങൾക്ക് ശേഷം ഇന്ത്യാടുഡെയിൽ നിന്ന് ഏഷ്യാനെറ്റിലേക്കു വന്ന മാങ്ങാട് രത്നാകരനൊക്കെ നല്ല സ്റ്റൈലൻ കോഴിക്കറി ഉണ്ടാക്കുന്നതു കാണുമ്പോൾ രവിവർമ്മയുടെ പാചക പത്രപ്രവർത്തന പരീക്ഷണം ശരിയാണെന്ന് തോന്നിപോകാറുണ്ട്.

ദൈവമേ! അതുപോലുള്ള എന്തെങ്കിലും പരീക്ഷണമാണോ റേഡിയോ നെതർലാന്റ് സ്കാരുടെ ഈ കിച്ചൺ പാർട്ടി?ഞാൻ സാമ്പാറിന്റെ അവസാന മിനുക്കുപണികൾ നടത്തുമ്പോൾ ടിന എത്തി. ആംസ്റ്റർഡാമിൽ നിന്ന് സൈക്കിളിലാണ് ടിന വന്നിരിക്കുന്നത്. ടിന എത്തിയപ്പോഴേക്കും എല്ലാവരുടെയും വിഭവങ്ങൾ തയ്യാറായി കഴിഞ്ഞിരുന്നു. അതുകൊണ്ട് അവൾ പാചകത്തിൽ നിന്ന് രക്ഷപ്പെട്ടു. പക്ഷെ വൈകി വന്നതിന് ഓരോരുത്തരും ഉണ്ടാക്കിയ വിഭവങ്ങളൊരോന്നും രുചിച്ച് നോക്കി അഭിപ്രായം പറയുക എന്ന ശിക്ഷയാണ് പെദ്ര ടിനക്ക് വിധിച്ചത്. നല്ല എരിവൊക്കെ ചേർത്ത ആഫ്രിക്കൻ കറികളൊക്കെ രുചിക്കുമ്പോൾ മദാമ്മയുടെ മുഖം കാണേണ്ടതു തന്നെയായിരുന്നു. കണ്ണിൽ വെള്ളമൊക്കെ നിറഞ്ഞ്, ഇപ്പോൾ കരയും എന്ന മട്ടിൽ. സാമ്പാറിന് പകരം മുളകു ബജി ഉണ്ടാക്കിയാൽ മതിയായിരുന്നു എന്ന് എനിക്ക് അപ്പോൾ തോന്നി.

ബീയറും പാട്ടും കൂത്തുമായി പാതിരാത്രിയായപ്പോൾ കിച്ചൺ പാർട്ടി അവസാനിച്ചു. പെദ്രയുടെയും നെഗിനിന്റെയും കാറുകളിലായി ഭൂരിഭാഗം പേരും ബുസ്സുമിലേക്ക് പോയി. ശേഷിച്ച രണ്ട് പേരെ, ഘാനയിൽ നിന്നുള്ള സാമിനെയും ദക്ഷിണാഫ്രിക്കകാരനായ കായയെയും ഞാനും ടിനയും സൈക്കിളിൽ ഡബിൾ വെച്ച് റെയിൽവേ സ്റ്റേഷനിൽ വിട്ടു. അവർക്ക് ആംസ്റ്റർ ഡാമിലേക്കാണ് പോകേണ്ടത്.

അവർ കൂടി പോയതോടെ റയിൽവേ സ്റ്റേഷന്റെ മുറ്റത്ത് ഞാനും ടിനയും അലക്ഷ്യമായി പാർക്ക് ചെയ്തിരിക്കുന്ന ഏതാനും സൈക്കിളുകളും മാത്രം ബാക്കിയായി. ഈ രാത്രി ഒരു മണി നേരത്ത്, സഹിക്കാനാവാത്ത തണുപ്പിൽ എങ്ങിനെ തിരിച്ച് 25 കിലോ മീറ്റർ ബുസ്സുമിലേക്ക് സൈക്കിളിൽ പോകും?

(തുടരും)